(എ) പോലീസ് നവീകരണത്തിന്റെ ഭാഗമായി ഇ-ബീറ്റ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) പദ്ധതി നടത്തിപ്പിലുണ്ടായ ക്രമക്കേടുകൾ മൂലം ഉണ്ടായതായി കരുതുന്ന നഷ്ടം എത്രയാണ്;

(സി) അന്വേഷണത്തിലെ നിഗമനങ്ങൾ എന്തായിരുന്നു; വിശദമാക്കാമോ;

(ഡി) ഉത്തരവാദികളായ ആർക്കെല്ലാമെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുകയുണ്ടായി;

(ഇ) ഇ-ബീറ്റ് ഇടപാട് സംബന്ധിച്ച് ബന്ധപ്പെട്ട ഐ.ജി.ക്കെതിരെയും അന്വേഷണം നടത്തിയ എസ്.പി.ക്കെതിരെയും ഡി.ജി.പി.-ക്ക് ലഭിച്ച പരാതി എന്തായിരുന്നു?

ഉത്തരം

(എ) ആധുനിക സാങ്കേതിക വിദ്യയിലൂടെ ബീറ്റ് ഡ്യൂട്ടി സംവിധാനം കാര്യക്ഷമമാക്കുന്നതിന് 'ഇ-ബീറ്റ്' സംവിധാനം, പതിമൂന്നാമത് ഫിനാൻസ് കമ്മീഷൻ അവാർഡ്, സ്റ്റേറ്റ് പ്ലാൻ സ്കീം എന്നീ പദ്ധതികളിലൂടെ ലഭിച്ച 188 ലക്ഷം രൂപ ഉപയോഗിച്ച് സംസ്ഥാനത്തെ 7 ജില്ലകളിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി-ഇ) ഇതുസംബന്ധിച്ച് എ.ഡി.ജി.പി. ക്രൈംസിന്റെ നേതൃത്വത്തിൽ അന്വേഷണം നടന്നുവരുന്നതേയുള്ളൂ.

ജില്ലാ ക്രൈംബ്രാഞ്ചുകളുടെ പ്രവർത്തനത്തിന് കർമ്മ പദ്ധതികൾ

184 (3694) ശ്രീ. കെ. അച്ചുതൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ക്രൈം ബ്രാഞ്ചുകളുടെ പ്രവർത്തനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത പദ്ധതിവഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) 17-6-2014-ലെ GO(Ms) No.124/14/Home ഉത്തരവ് പ്രകാരം ജില്ലാ ക്രൈം ഡിറ്റാച്ച്മെന്റ് യൂണിറ്റുകളെ ജില്ലാ ക്രൈംബ്രാഞ്ചായി പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ജില്ലാ പോലീസ് മേധാവിയുടെ കീഴിൽ ഒരു " Specialized Investigation Wing' ആയിട്ടാണ് ജില്ലാ ക്രൈംബ്രാഞ്ച് പ്രവർത്തിക്കുന്നത്. അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ്/ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് എന്നീ റാങ്കിലുള്ള ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലാണ് ജില്ലാ ക്രൈംബ്രാഞ്ചുകൾ പ്രവർത്തിക്കുന്നത്. പ്രസ്തുത ഉദ്യോഗസ്ഥരെ സഹായിക്കുന്നതിനായി രണ്ട് ഇൻസ്പെക്ടർ ഓഫ് പോലീസ് (സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ്) 14 സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, 14 സീനിയർ സിവിൽ പോലീസ് ഓഫീസർ, 6 സിവിൽ പോലീസ് ഓഫീസർ (വനിതാ ഉദ്യോഗസ്ഥർ ഉൾപ്പെടെ) എന്നീ ഉദ്യോഗസ്ഥരെയും ജില്ലാ ക്രൈംബ്രാഞ്ചിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജില്ലകളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന സെൻസേഷണൽ കേസ്സുകളും ലോക്കൽ പോലീസിന്റെ അന്വേഷണം തൃപ്തികരമല്ലെന്ന് കണ്ടെത്തുന്ന കേസ്സുകളും സർക്കാർ, സംസ്ഥാന പോലീസ് മേധാവി, സോണൽ എ.ഡി.ജി.പി. മാർ, റേഞ്ച് ഐ.ജി. മാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവർക്ക് ജില്ലാ ക്രൈംബ്രാഞ്ചുകളിലേയ്ക്ക് അന്വേഷണത്തിനായി കൈമാറാവുന്നതാണ്. പ്രസ്തുത കേസ്സുകളുടെ അന്വേഷണ പുരോഗതി മാസത്തിലൊരിക്കൽ ജില്ലാ ക്രൈംബ്രാഞ്ച് വിഭാഗം അവലോകനം നടത്തുന്നതാണ്. കേസന്വേഷണത്തിൽ പ്രാഗൽഭ്യമുള്ള ഉദ്യോഗസ്ഥരെയാണ് ജില്ലാ ക്രൈംബ്രാഞ്ചുകളിൽ ഉൾപ്പെടുത്തുന്നത്.

റാന്നി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

185 (3695) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അനുവദിച്ചിട്ടുള്ള തുക എത്രയാണ്; പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ ചുമതല നൽകിയിട്ടുള്ളത് ആർക്കാണ്; നിർമ്മാണം ആരംഭിച്ചിട്ടുള്ളത്എന്നാണെന്നും കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടത്എന്നാണെന്നും ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ എന്തൊക്കെയാണെന്നും; എന്തൊക്കെ സൗകര്യങ്ങളാണ് പുതിയ കെട്ടിടത്തിൽ ഉള്ളതെന്നും പ്രസ്തുത നിർമ്മാണം പൂർത്തീകരിക്കുന്നതിന് എത്ര തടസ്സമാണ് ഉള്ളതെന്നും വ്യക്തമാക്കുമോ;

(ബി) സ്ഥല പരിമിതിമൂലം വീർപ്പുമുട്ടുന്ന റാന്നി പോലീസ് സ്റ്റേഷൻ പുതിയ കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തനം ആരംഭിക്കുന്നതിന് വേണ്ട നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?